(സി) അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരുടെയും പൊതു പ്രവർത്തകരുടെയും എണ്ണം കൂടി വരുന്നതായി സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി, കൈക്കൂലി എന്നിവയുടെ പേരിൽ എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ കേസ്സ് എടുത്ത് നടപടി സ്വീകരിച്ചുവെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) അഴിമതി ഇല്ലാതാക്കുന്നതിന് കൂടുതൽ ഫലപ്രദമായ എന്തെങ്കിലും നടപടികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(എഫ്) വിജിലൻസിൽ അഴിമതിരഹിതരായ ഉദ്യോഗസ്ഥൻമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം ആലോചിച്ചുവരുന്നു.

(ബി) നിലവിലുള്ള സംവിധാനം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. എന്നാൽ അതു കൂടുതൽ ഫലപ്രദമാക്കുവാൻ ആലോചിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ലിസ്റ്റ് അന്യത്ര †.

(ഇ) നിലവിലുള്ള സംവിധാനം കൂടുതൽ ഫലപ്രദമാക്കുവാൻ ആലോചിച്ചുവരുന്നു.

(എഫ്) അഴിമതിരഹിതരായ ഉദ്യോഗസ്ഥൻമാരെയാണ് നിയമിച്ചിട്ടുള്ളത്.

സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് രസീത്

10 [1525] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ മൂന്നു ദിവസത്തിനകം കൈപ്പറ്റ് രശീതി നല്കണമെന്ന് സർക്കാർ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മൂന്നുദിവസം എന്ന് സമയ പരിധി നിഷ്ക്കർഷിക്കുന്നതിനാൽ അപേക്ഷകർക്ക് രസീതി വാങ്ങാനായി മാത്രം വീണ്ടും ഓഫീസുകളിൽ പോകേണ്ട സ്ഥിതിയാണ് ഉണ്ടാവുക എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മൂന്നു ദിവസം പരിധി നിശ്ചയിച്ചതിലെ സാംഗത്യം വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ കൈപ്പറ്റ് രസീതി ഉടനെ നല്കുന്ന സംവിധാനം ഉള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഓഫീസുകളിലും ഉടനെ രസീതി നല്കാൻ ഉത്തരവ് ഭേദഗതി വരുത്താമോ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നല്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് സംബന്ധിച്ച് 1-1-2005-ലെ 19754/എ. ആർ.13(2)/04/ഉ.ഭ.പ.വ. നമ്പർ സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം വച്ചിട്ടുണ്ട്. †

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) പരാതിക്കാരൻ നേരിട്ടു നൽകാതെ തപാൽവഴി ലഭിക്കുന്ന നിവേദനങ്ങളും അപേക്ഷകളും മറ്റും ആഫീസ് സെക്ഷനുകൾവഴി ബന്ധപ്പെട്ട സെക്ഷനിൽ കിട്ടി മേലുദ്യോഗസ്ഥന്റെ അംഗീകാരം വാങ്ങാൻ വേണ്ടി വരുന്ന സമയപരിധി ആയിട്ടാണ് മൂന്നു ദിവസം നിശ്ചയിക്കേണ്ടി വന്നത്.

(ഡി) പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് നല്കണമെന്ന് 28-2-2005-ലെ 1209/എ. ആർ. 13(2) 05/ഉ.ഭ.പ.വ. നമ്പർ സർക്കുലറിൽ ഭേദഗതി വരുത്തിയട്ടുണ്ട്. പകർപ്പ് വച്ചിട്ടുണ്ട് †

ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ്

11 [1526] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുമായി അടുത്തിടപഴകേണ്ട മിക്ക വകുപ്പുകളിലേയും ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ് നൽകിയിട്ടില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വകുപ്പുകളിലെ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് നിർബന്ധിതമാക്കുന്നത്, അഴിമതിയും അനീതിയും ഒരു പരിധിവരെ കുറയ്ക്കാൻ പ്രയോജനപ്പെടുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ഡ്യൂട്ടി സമയത്ത് സർക്കാർ ജീവനക്കാർ നിർബന്ധമായും തിരിച്ചറിയൽ കാർഡ് സൂക്ഷിക്കണമെന്ന നിബന്ധന കൊണ്ടുവരുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ഡി) ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ വ്യക്തമാക്കാമോ ?

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[2-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 10(1525)ന്റെ ഉത്തരം ദയവായി കാണുക]

കേരള സർക്കാർ

നമ്പർ 1209/എ. ആർ.13(2)/05/ഉ.ഭ.പ.വ.

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (എ. ആർ. 13) വകുപ്പ്, തിരുവനന്തപുരം, തീയതി 28-2-2005.

സർക്കുലർ

വിഷയം:— സർക്കാർ ഓഫീസുകളിൽ ലഭിയ്ക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകണമെന്നത് സംബന്ധിച്ച്

സൂചന:— 1-1-2005-ലെ 19754/എ. ആർ. 13(2)/04/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

പൊതുജനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ, നിവേദനങ്ങൾ, അപേക്ഷകൾ തുടങ്ങിയവയ്ക്ക് ആയത് കിട്ടിയാലുടൻ കൈപ്പറ്റ് രസീത് കൃത്യമായി നൽകണമെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. സൂചന പ്രകാരമുള്ള സർക്കുലറിലെ (iii)-ാം ഖണ്ഡിക മേൽ പ്രസ്താവിച്ച പ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

ഡോ. കെ. എം. എബ്രഹാം,
സെക്രട്ടറി (എ. ആർ.).

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി.
നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.
പബ്ലിക് റിലേഷൻസ് വകുപ്പ് (പത്രങ്ങളിലും മീഡിയാ വഴിയും പരസ്യത്തിന്).

LIBRARY ARCHIVES Kerala Legislative Assembly